(ഇ) ഉണ്ടെങ്കിൽ ഇതിനുത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 13,647 ഏക്കർ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ക്രമനമ്പർ	ജില്ല	എറ്റെടുത്ത മിച്ചഭൂമി
1	തിരുവനന്തപുരം	265 ഏക്കർ
2	കൊല്ലം	123 ,,
3	പത്തനംതിട്ട	2 ,,
4	ആലപ്പുഴ	646 ,,
5	കോട്ടയം	120 ,,
6	ഇടുക്കി	4,291 ,,
7	എറണാകുളം	111 ,,
8	തൃശ്ശൂർ	367 ,,
9	പാലക്കാട്	1,752 ,,
10	മലപ്പുറം	1,046 ,,
11	കോഴിക്കോട്	765 ,,
12	വയനാട്	1,936 ,,
13	കണ്ണൂർ	1,796 ,,
14	കാസർകോഡ്	427 ,,
	ആകെ	13,647 ,,

(സി) 1–5–1982 മുതൽ 31–5–1986 വരെ 9,732 ഏക്കർ ഭൂമി 33,392 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പീരുമേട് താലൂക്കിൽ 1985–ൽ വിതരണം നടത്തിയ മിച്ചഭൂമിയെപ്പറ്റി ചില പരാതികൾ ലഭിച്ചതായി ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

പീരുമേട് താലൂക്കിലെ മിച്ചഭൂമി വിതരണത്തിലെ ക്രമക്കേടുകൾ

660 [632] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ മിച്ചഭൂമി വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഇത് പരിഹരിക്കുന്നതിന് ഇപ്പോൾ എന്തു നടപടി സ്വീകരിച്ചുവരുന്നു?

ഉത്തരം

(എ, ബി, സി) വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly